കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മേലാർകോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി18/1225/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: 26-07-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മേലാർകോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മേലാർകോട് ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേലാർകോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി18/1225/2017 തീയതി – 26.07.2017

## പാലക്കാട് ജില്ലയിലെ മേലാർകോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

പാലക്കാട് ജില്ലയിലെ മേലാർകോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 29-11-2016 മുതൽ 18-6-2017 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സുനിൽദാസ്. എസ്.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-6-2017 മുതൽ 27-6-2017 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഐ.സുലൈമാൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സി.രാജേശ്വരി | ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എം.മായൻ | 1-4-2016 മുതൽ 31-3-2017 |
| സെക്രട്ടറി | ശ്രീ.വി.ജയപ്രകാശൻ | 1-4-2016 മുതൽ 31-3-2017 |

### നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.കെ.കുരികേശു | 1-4-2016 മുതൽ 16-8-2016 |
| | ശ്രീമതി.റീജ.എം.എസ് | 17-8-2016 മുതൽ 14-10-2016 വരെ |
| | ശ്രീമതി.ദിവ്യ.കെ.കെ | 15-10-2016 മുതൽ 31-3-2017 വരെ |

| | | |
|---|---|---|
| വി.ഇ.ഒ | ശ്രീ.സുരേഷ്.ജി | 1-4-2016 മുതൽ 31-3-2017 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.താജുമ്മ.കെ | 1-4-2016 മുതൽ 31-3-2017 |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.ജിസ്ന.എ.കെ | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.ജയന്തൻ | 1-4-2016 മുതൽ 9-9-2016 വരെ |
| | ഡോ.പ്രത്യുഷ | 10-9-2016 മുതൽ 27-12-2016 വരെ |
| | ഡോ.വിജില.കെ | 28-9-2016 വരെ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.എ.കെ.മഹേഷ് | 1-4-2016 മുതൽ 26-4-2016 വരെ |
| | ഡോ.ബർദ്ദീഷ.കെ.പി | 27-4-2016 മുതൽ 5-8-2016 വരെ |
| | ഡോ.അരുണ.എൻ | 6-8-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.ലക്ഷ്മി.ജി.കർത്താ | 1-4-2016 മുതൽ 31-3-2017 വരെ |
| അസി.സെക്രട്ടറി | ശ്രീ.ഹരിദാസ്.ജി | 1-4-2016 മുതൽ 7-2-2017FN വരെ |
| | ശ്രീമതി.നാൻസി.സി.ടി | 7-2-2017AN മുതൽ 31-3-2017 വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമ പദ്ധതികൾ | 1(8) |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രിക | 1(11) |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അനവദനീയമല്ലാത്തതും നിഷ്ക്രിയമായതുമായ ബാങ്ക് അക്കൗണ്ടുകൾ അവസാനിപ്പിക്കേണ്ടതാണ് | 2(1) |
| 2 | വസ്തു നികുതി രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ | 2(2) |
| 3 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 2(3) |
| 4 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് | 2(4) |
| 5 | പരസ്യനികുതി പിരിവ് നിയമാനുസൃതമാക്കേണ്ടതാണ് | 2(5) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ് | 3(1) |
| 2 | ഗ്രാമപഞ്ചായത്തിന് ബാധ്യതയായിട്ടും കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ചില്ല | 3(2) |
| 3 | പൊതുടാപ്പുകൾ കുറവു ചെയ്ത് ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന ബാധ്യത കുറയ്ക്കേണ്ടതാണ് | 3(3) |
| 4 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 3(4) |
| 5 | അതുല്യം പ്രാഥമിക വിദ്യാഭ്യാസ പരിപാടി-രണ്ടാം ഘട്ടം - ഇൻസ്ട്രക്ടർമാരുടെ വേതനം അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ആയില്ല - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 3(5) |
| 6 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല | 3(6) |
| 7 | എസ്.എസ്.എ പദ്ധതിക്കായി കൈമാറിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമായില്ല | 3(7) |
| 8 | പദ്ധതി നിർവ്വഹണ-മോണിറ്ററിംഗ് പ്രൊജക്റ്റ് പ്രകാരം | 3(8) |

| | | |
|---|---|---|
| | അനുവദനീയമല്ലാത്ത ചെലവ് നടത്തി-12360 രൂപ തടസ്സത്തിൽ വെക്കുന്നു | |
| 9 | ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ- കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയത് ക്രമപ്രകാരമല്ല | 3(9) |
| 10 | പമ്പ് ഹൗസ് മോട്ടോർ റിപ്പയർ - കരാറുകാരന്റെ ബില്ലിൽ നിന്നും നിയമാനുസൃത നികുതികൾ ഈടാക്കിയില്ല | 3(10) |
| 11 | എസ്.സി വനിതാ വിപണന കേന്ദ്രം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3(11) |
| 12 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുവാൻ കേന്ദ്രഫണ്ടിന്റെ നീക്കിയിരിപ്പ് പ്രയോജനപ്പെടുത്തുന്നില്ല | 3(12) |
| 13 | ടി.എച്ച്.ആർ.എസ് ഭക്ഷ്യമിശ്രിതം ലാബ് റിപ്പോർട്ട് ലഭ്യമാക്കിയില്ല | 3(13) |
| 14 | പാലയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ അവലോകനം | 3(14) |
| 15 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് സമയബന്ധിതമായി ലഭ്യമാകുന്നില്ല - തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 3(15) |
| 16 | ട്രഷറിയിൽ നിന്നും പിൻവലിച്ച തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല-തുടർ നടപടികൾ ആവശ്യപ്പെടുന്നു | 3(16) |
| 17 | വെളിയിട വിസർജ്ജന വിമുക്ത ഗ്രാമ പദ്ധതി (ഒ.ഡി.എഫ്) - മേലാർകോട് ഗ്രാമപഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങളുടെ അവലോകനം | 3(17) |
| 18 | എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം 91കിണറുകൾ നിർമ്മിച്ചു നൽകിയത് അഭിനന്ദനാർഹം | 3(18) |
| 19 | എം.ജി.എൻ.ആർ.ഇ.ജി.എസ്- തൊഴിലാളികളുടെ കൂലിയിനത്തിലെ കുടിശ്ശിക 5779584/- രൂപ | 3(19) |
| 20 | മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല | 3(20) |
| 21 | പഞ്ചായത്ത് ഓഫീസ് പുനർനിർമ്മാണം - ഇ-ടെണ്ടർ ഫോറങ്ങളുടെ വില ജില്ലാ പഞ്ചായത്തിൽ നിന്നും പഞ്ചായത്തിന് ലഭ്യമാക്കേണ്ടതാണ് | 3(21) |
| 22 | മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ ആവശ്യമായ എല്ലാ രേഖകളും സൂക്ഷിക്കേണ്ടതാണ് | 3(22) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4(7) |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 3-3-2016 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 110191635 രൂപയും ചെലവ് 109190500 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2017 | 16-6-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|
| 2016-17 | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6030570 |
| വരവ് | 52284034 |

| | |
|---|---|
| ആകെ | 58314604 |
| ചെലവ് | 47048106 |
| നീക്കിയിരിപ്പ് | 11266498 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11571522 | 11571522 | 11571522 | 0 |
| വികസനഫണ്ട് എസ്.സി.പി | 0 | 6635259 | 6635259 | 6635259 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 1919635 | 1919635 | 1919635 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 1440493 | 1440493 | 1440493 | 0 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1619219 | 1619219 | 1619219 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3030339 | 3030339 | 3030339 | 0 |
| എം.എൻ.ആർ. ഇ. ജി.എസ്. | 15728 | 18100845 | 18116573 | 18049399 | 67174 |
| ബി ഫണ്ട് | 0 | 42054130 | 42054130 | 42054130 | 0 |

## 1-6 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് % |
|---|---|---|---|---|---|---|
| 183 | 56382531 | 85 | 28054671 | - | 98 | 50 |

2016-17 വർഷത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 46% പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 50% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 4409000 | 2655200 | 60 |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ | 4 | 4 | 4333400 | 4004000 | 92 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 6 | 6683081 | 4180636 | 63 |
| സെക്രട്ടറി | 43 | 26 | 8811601 | 5729518 | 65 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 105 | 34 | 22688598 | 6538095 | 29 |
| മെഡിക്കൽ ഓഫീസർ-PHC | 1 | 1 | 1050000 | 339122 | 32 |
| മെഡിക്കൽ ഓഫീസർ-ISM | 1 | 1 | 400000 | 400000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 100000 | 100000 | 100 |
| അസി. സെക്രട്ടറി | 17 | 9 | 7906851 | 4108100 | 52 |
| ആകെ | 183 | 85 | 56382531 | 28054671 | 44 |

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷ വരവ് | തൻവർഷം വരവ് | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 2243799 | 4184911 | 1941112 | +(87) |
| നികുതിയേതര വരവുകൾ | 933989 | 1401856 | 467867 | +(50) |
| ആകെ | 3177788 | 5586767 | 2408979 | +(76) |

# 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷ കൾ | നിശ്ചിത ദിവസ ത്തിനകം തീരുമാന മെടുത്തവ | തീരുമാനമെടുത്തതിൽ നിരസിച്ചവ | കാല താമസ ത്തിന്റെ കാരണം |
|---|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 13 | 13 | - | - |
| 2 | തൊഴിൽ രഹിത വേതനം | 13 | 13 | 12 | - |
| 3 | വിധവാ പെൻഷൻ | 88 | 88 | 2 | - |
| 4 | വികലാംഗ പെൻഷൻ | 27 | 27 | 0 | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 6 | 6 | 0 | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 414 | 414 | 26 | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-6-2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 1865 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 8-6-2017 മുതൽ 12-6-2017 വരെ | 2/2017 മുതൽ 5/2017 | റിപ്പോർട്ട് ലഭ്യമായിട്ടില്ല | - |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9-7-2007 | 97-98 മുതൽ 2006-07 വരെ | 22-8-2007 | - |

## 1-11 അനുബന്ധ പത്രിക

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അനുവദനീയമല്ലാത്തതും നിഷ്ക്രിയമായതുമായ ബാങ്ക് അക്കൗണ്ടുകൾ അവസാനിപ്പിക്കേണ്ടതാണ്

എ. തനത്ഫണ്ടിന് രണ്ടു ബാങ്ക് അക്കൗണ്ടുകൾ

സർക്കുലർ നം. 58725/എഫ്.എം.3/2008/ത.സ്വ.ഭ.വ തിയതി 26-5-2011 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ തനത് വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിനു പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണം. ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തരുത് എന്നും പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തനത് വരുമാനം സൂക്ഷിക്കാൻ ട്രഷറി അക്കൗണ്ടിന് പുറമെ 2 ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിപ്പ് |
|---|---|---|---|
| 1 | കനറാബാങ്ക്, ചിറ്റിലംഞ്ചേരി | 4756 | ₹ 19,67,097 |

| | | | |
|---|---|---|---|
| 2 | ആലത്തൂർ സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 192 | ₹ 28,15,337 |

സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് അനുസൃതമായി ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം ഒറ്റ ബാങ്ക് അക്കൗണ്ടിൽ മാത്രം സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി. നിഷ്ക്രിയ അക്കൗണ്ടുകൾ അവസാനിപ്പിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്ത് വ്യത്യസ്ത ആവശ്യങ്ങൾക്ക് വേണ്ടി മുൻവർഷങ്ങളിൽ ആരംഭിക്കുകയും എന്നാൽ കാലാകാലങ്ങളായി ഇടപാടുകൾ ഇല്ലാത്തതുമായ 3 ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യാതെ അവശേഷിക്കുന്നുണ്ട്. അവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നം. | എ.എഫ്.എസ് പ്രകാരം അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | കനറാബാങ്ക്, ചിറ്റിലംഞ്ചേരി<br>(പെൻഷൻ & ഇലക്ഷൻ) | 3018 | 39842 |
| 2 | ആലത്തൂർ സർവീസ് കോപ്പറേറ്റീവ് ബാങ്ക്<br>(എം.എൻ ലക്ഷംവീട്) | 3511 | 913708 |
| 3 | കനറാബാങ്ക്, ചിറ്റിലംഞ്ചേരി<br>(ബി.ആർ.ജി.എഫ് അക്കൗണ്ട്) | 2695 | 2024 |

നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.11 തിയ്യതി 24-6-2017)

## 2-2 വസ്തു നികുതി രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ

എ) സഞ്ചയ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ്-അരിയർ ഡിമാന്റ് തുകകൾ വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകൾ

| ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|
| കറണ്ട് | കറണ്ട് | കറണ്ട് |
| 2387435 | 1428050 | 959385 |

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള കണക്കുകൾ

| ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|
| കറണ്ട് | കറണ്ട് | കറണ്ട് |
| 2508847 | 1527233 | 917262 |

വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത അതാത് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി) വ്യാപാര സ്ഥാപനങ്ങൾക്ക് താമസാവശ്യത്തിനുള്ള നിരക്കിൽ വസ്തുനികുതി ഡിമാന്റ് ചെയ്തത് ക്രമീകരിക്കണം

ഡി&ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്ററും സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തുനികുതി നിർണയ രജിസ്റ്ററുമായി താരതമ്യം ചെയ്തപ്പോൾ വ്യാപാര സ്ഥാപനങ്ങൾക്ക് താമസാവശ്യത്തിനുള്ള വസ്തുനികുതിയാണ് നിർണയിച്ചിട്ടുള്ളതെന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനം | ഡി & ഒ രജിസ്റ്ററിലെ ക്രമ നം. | വാർഡ്/കെട്ടിട നം. | വസ്തു നികുതി നിർണയ രജിസ്റ്റർ പ്രകാരമുള്ള നികുതി/ കെട്ടിട ഇനം |
|---|---|---|---|
| ദർശന ഫുഡ് പ്രോഡക്ട്സ് | 2 | 4/311 | 188+ 10 (LC) പാർപ്പിടാവശ്യം |
| മിൽമ ഉൽപന്നങ്ങൾ സൂക്ഷിച്ച് വിൽപന | 94 | 4/453 | 168+9 (LC) പാർപ്പിടാവശ്യം |
| ഷാജഹാൻ സ്റ്റോർ | 69 | 2/124 | 108+6(LC) പാർപ്പിടാവശ്യം |
| സ്റ്റേഷനറി കട (ചന്ദ്രൻ.കെ.എസ്) | 143 | 8/478 | 198+10(LC) |

സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റാ എൻട്രി നടത്തിയിട്ടുള്ള എല്ലാ കെട്ടിടങ്ങളുടേയും ഡാറ്റ പരിശോധിച്ച് ഇത്തരത്തിലുള്ള എല്ലാ അപാകതകളും പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം.11 തിയ്യതി 24-6-2017).
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സി) സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാവേണ്ടതാണ്. നിയമാനുസൃതമായി ഏർപ്പെടുത്താവുന്ന സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത ഗ്രാമപഞ്ചായത്ത് പരിശോധിക്കേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ

സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 13 മൊബൈൽ ടവറുകളിൽ 8 എണ്ണത്തിന്റെ വസ്തുനികുതി കുടിശ്ശിക ഇനത്തിൽ 238263 രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. അവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം | ടവറിന്റെ ഉടമ | നിർണ്ണയിച്ച വസ്തു നികുതി | വസ്തു നികുതി കുടിശ്ശിക/ ഏതു വർഷം മുതൽ |
|---|---|---|---|---|
| 1 | 3/435 ചിറ്റിലഞ്ചേരി | എ.ടി.സി ഇൻഫാസ്ട്രക്ച്ചർ | 6825 | 33190 (2011-12 മുതൽ) |
| 2 | 3/436 ചിറ്റിലഞ്ചേരി | ഇൻഡസ് ടവർ | 6825 | 33190 (2011-12 മുതൽ) |
| 3 | 3/141 ചിറ്റിലഞ്ചേരി | റിലയൻസ് | 5198 | 25423 (2011-12 മുതൽ) |
| 4 | 4/65 കല്ലംമ്പാട് | എ.ടി.സി ഇൻഫാസ്ട്രക്ച്ചർ | 8190 | 16376 (2015-16 മുതൽ) |
| 5 | 6/417 കാപ്പുകാട് | എസ്സാർ ടെലികോം | 5775 | 7727 (2016-17) |
| 6 | 12/230 വലതല | എ.ടി.സി ഇൻഫാസ്ട്രക്ച്ചർ | 9450 | 46902 (2011-12 മുതൽ) |
| 7 | 13/23- കടംമ്പിടി | എ.ടി.സി ഇൻഫാസ്ട്രക്ച്ചർ | 7508 | 37276 |

| | | | | |
|---|---|---|---|---|
| | | | | (2011-12 മുതൽ) |
| 8 | 16/148 | എ.ടി.സി ഇൻഫ്രാസ്ട്രക്ച്ചർ | 7560 | 38179<br><br>(2011-12 മുതൽ) |
| ആകെ | | | 238263 | |

ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനത്തിൽ വർദ്ധനവു വരുത്തുന്നതിനായി മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക എത്രയും പെട്ടെന്ന് ഈടാക്കുന്നതാണെന്ന് 27-6-2017 ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ അധികൃതർ അറിയിച്ചു. ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.9 തിയതി 24-6-2017)

## 2-4 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല എന്ന് കണ്ടെത്തി.

| വർഷം | ഡെപ്പോസിറ്റ് തുക |
|---|---|
| 2002-03 | 15410 |
| 2003-04 | 56800 |
| 2004-05 | 43525 |
| 2005-06 | 256874 |
| 2006-07 | 61781 |
| 2007-08 | 24300 |
| 2008-09 | 36850 |
| 2010-11 | 11000 |
| 2011-12 | 24500 |
| 2012-13 | 4500 |
| 2013-14 | 93770 |
| ആകെ | 629310 |

മൂന്നുവർഷ കാലാവധി കഴിഞ്ഞിട്ടും തിരികെ നൽകാത്ത ഡെപ്പോസിറ്റ് തുകകൾ തനത്ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 11 തിയ്യതി-24-6-2017)

## 2-5 പരസ്യനികുതി പിരിവ് നിയമാനുസൃതമാക്കേണ്ടതാണ്

മേലാർകോട് ഗ്രാമപഞ്ചായത്തിലെ 2016-17 വർഷത്തേക്കുള്ള പരസ്യനികുതി പിരിച്ചെടുക്കുന്നതിനുള്ള കുത്തകപ്പാട്ടം നൽകുന്നതിനായുള്ള ലേലം 18-3-2016 ന് നടക്കുകയും 6500/-രൂപയ്ക്ക് ലേലം ഉറപ്പിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| രശീതി നം./ തിയതി | തുക | പരസ്യ നികുതി പിരിക്കുവാൻ ചുമതലയുള്ള വ്യക്തി |
|---|---|---|
| 1150110169/<br>18-03-2016 | 6500 | ശ്രീ.സുഭാഷ് |

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 256-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് ഒരു ബൈലോ തയ്യാറാക്കാവുന്നതാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി/5/15253/04 നമ്പർ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ പരസ്യ നികുതി ഈടാക്കുന്നതിനു വേണ്ടിയുള്ള മാതൃകാബൈലോ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ ബൈലോയുടെ അടിസ്ഥാനത്തിലല്ല പരസ്യ നികുതി ഈടാക്കിവരുന്നത്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 (ബി, സി) എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ചു വയ്ക്കുകയോ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. സെക്രട്ടറിയുടെ അനുവാദമില്ലാതെ യാതൊരു തരത്തിലുള്ള പരസ്യങ്ങളും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ച പരസ്യ ബോർഡുകളുടെ എണ്ണം, വലിപ്പം, ചുവർ പരസ്യങ്ങൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഓരോ വർഷവും പരസ്യനികുതി പിരിച്ചെടുക്കുവാൻ ലേലം ചെയ്യുകയും ലേലക്കാരൻ ഒറ്റതവണയായി തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്ന രീതിയുമാണ് തുടർന്നുവരുന്നത്.

നിയമാനുസൃതമായി പരസ്യനികുതി പിരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.11, തിയ്യതി-24-6-2017) മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

പരിമിതമായ തനത് വരുമാന സ്രോതസ്സുകൾ മാത്രമുള്ള മേലാർകോട് ഗ്രാമപഞ്ചായത്തിന് തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിലും അറ്റകുറ്റപണികൾക്കുമായി ചെലവഴിക്കേണ്ടിവരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി നാളിതുവരെ സ്വീകരിച്ചിട്ടുള്ള ശ്രമങ്ങൾ എത്രത്തോളം ഫലപ്രാപ്തിയിലെത്തിയിട്ടുണ്ടെന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. തെരുവുവിളക്കുകളുടെ എണ്ണവും വൈദ്യുതി ചാർജ്ജും

തെരുവുവിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിക്കുവാനായി സംയുക്ത പരിശോധന നടത്തുവാൻ വൈദ്യുതി ബോർഡിന് ഗ്രാമപഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ ഭൗതിക പരിശോധന നടത്തിയിട്ടില്ല. നിലവിൽ തെരുവുവിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത് വൈദ്യുതി ബോർഡിന്റെ രേഖകൾ പ്രകാരമുള്ള കൃത്യതയില്ലാത്ത കണക്കനുസരിച്ചാണ്. വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ചുള്ള തെരുവുവിളക്കുകളുടെ എണ്ണവും പ്രതിമാസ വൈദ്യുതി ചാർജ്ജും താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | 18-4-2017 ലെ നിരക്ക് | പ്രതിമാസ വൈദ്യുതി ചാർജ്ജ് |
|---|---|---|---|---|
| 1 | സാധാരണ ലാമ്പ് - 40 W | 251 | 66 | 16566 |
| 2 | സി.എഫ്.എൽ - 2*11 W | 406 | 32 | 12992 |
| 3 | സി.എഫ്.എൽ - 11 W | 90 | 16 | 1440 |
| 4 | ട്യൂബ് - 80 W | 730 | 134 | 97820 |
| 5 | ട്യൂബ് - 40 W | 138 | 66 | 9108 |
| 6 | സോഡിയം വേപ്പർ ലാമ്പ് - 250 W | 45 | 447 | 20115 |
| 7 | എൽ.ഇ.ഡി 18 W | 12 | 14 | 168 |
| 8 | എൽ.ഇ.ഡി 24 W | 80 | 20 | 1600 |
| ആകെ | | 1752 | | 159809 |

3/2017 വരെ 138000 രൂപയായിരുന്ന പ്രതിമാസ വൈദ്യുതി ചാർജ്ജ് താരിഫ് വർദ്ധനവിനെതുടർന്ന് 4/2017 മുതൽ 159000 രൂപയോളമായി വർദ്ധിച്ചിട്ടുള്ളത് ആശങ്കാജനകമാണ്. 2017-18 വർഷത്തിൽ മാത്രം 19 ലക്ഷം രൂപയോളം വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിനായി വേണ്ടിവരുമെന്ന് കണക്കാക്കാവുന്നതാണ്.

ബി. നിലിവിലില്ലാത്ത സാധാരണ ലാമ്പുകൾക്ക് ഒടുക്കുന്ന വൈദ്യുതി ചാർജ്ജ് ക്രമീകരിച്ചില്ല - 2 വർഷങ്ങളിലെ നഷ്ടം 367464 രൂപ

സാധാരണ ലാമ്പുകൾ വാങ്ങുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും മുൻ വർഷങ്ങളിലൊന്നും ഗ്രാമപഞ്ചായത്ത് തുക വകയിരുത്തിയിട്ടില്ല. വിവിധ ഘട്ടങ്ങളിലായി സാധാരണ ലാമ്പുകൾക്ക് പകരം ട്യൂബ് ലൈറ്റുകളും സി.എഫ്.എല്ലും സ്ഥാപിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ സാധാരണ ലാമ്പുകളൊന്നും നിലവിലില്ലെന്ന് ഇതിൽനിന്നും അനുമാനിക്കാവുന്നതാണ്. ആയതിനാൽ വൈദ്യുതി ബോർഡ്, 40 വാട്ടിന്റെ 251 സാധാരണ ലാമ്പുകൾക്ക് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത് ക്രമപ്രകാരമല്ല. സംയുക്ത പരിശോധന നടത്താത്തതിനാൽ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നത് ഓഡിറ്റ് സമയത്തും തുടർന്നു വരുന്നുണ്ട്. 2015-16, 2016-17 വർഷങ്ങളിൽ വൈദ്യുതി ബോർഡ് 367464 രൂപ സാധാരണ ലാമ്പുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഈടാക്കിയിട്ടുണ്ട്.

സി. മീറ്ററിംഗിനായി ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിവരം

തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി 2016-17 വർഷത്തിൽ പ്രൊജക്ടുകൾ രൂപീകരിച്ച് 614800 രൂപ വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വൈദ്യുതി ബോർഡുമായുള്ള 20-4-2017 ലെ എഗ്രിമെന്റ് നം. 20/17, 21/17 പ്രകാരം ഒരു വർഷത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. ഡെപ്പോസിറ്റ് തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് | ബിൽ നം. / തിയതി | തുക |
|---|---|---|
| 85/17-സമ്പൂർണ്ണ മീറ്ററിംഗ് | 30/10-3-2017<br>(ധനകാര്യ കമ്മീഷൻ) | 222600 |
| 153/17-സമ്പൂർണ്ണ മീറ്ററിംഗ് | 29/10-3-2017<br>43/30-3-2017<br>(ലോകബാങ്ക്) | 360000<br>32200 |
| ആകെ | | 614800 |

മീറ്ററിംഗ് നിലവിൽ വരുന്നതോടെ നിലവിലില്ലാത്തതും പ്രകാശിക്കാത്തതുമായ ലാമ്പുകൾക്ക് ചാർജ്ജ് ഒടുക്കേണ്ടിവരുന്നത് ഒഴിവാകുന്നതാണ്. ആയതിനാൽ എഗ്രിമെന്റ് അനുസരിച്ചുള്ള കാലാവധിക്കുള്ളിൽ മീറ്ററിംഗ് പൂർത്തീകരിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.

ഡി. തെരുവുവിളക്കുകളുടെ പരിപാലനച്ചെലവ്

സാധന സാമഗ്രികൾ വാങ്ങുവാനും അറ്റകുറ്റപണികൾക്കുമായി തൻവർഷം ചെലവഴിച്ച തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊ.നം. | ചെലവ് | ഫണ്ടിനം |
|---|---|---|---|
| 1 | 9/17-തെരുവുവിളക്ക് വാങ്ങൽ | 24600 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 2 | 24/17-തെരുവുവിളക്ക് റിപ്പയർ | 140014 | തനത് ഫണ്ട് |
| 3 | 136/17-തെരുവുവിളക്ക് വാങ്ങൽ/ റിപ്പയർ | 299883<br>81358 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>തനത് ഫണ്ട് |
| ആകെ | | 545855 | |

വാർഷിക അറ്റകുറ്റപണികൾക്കായി കരാർ നൽകുകയും ആയതനുസരിച്ച് കരാറുകാരൻ അറ്റകുറ്റപണികൾ നടത്തുന്നുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

ഇ. ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ

ഗ്രാമപഞ്ചായത്തിൽ നിലവിൽ 102 എൽ.ഇ.ഡി ലാമ്പുകളാണ് നിലവിലുള്ളത്. ആയതിന്റെ പ്രതിമാസ വൈദ്യുതി ചാർജ്ജ് 1768 രൂപ മാത്രമാണ്. ഊർജ്ജ ഉപഭോഗം വളരെ കൂടുതലുള്ള 868 ട്യൂബ് ലൈറ്റുകളും 45 സോഡിയം വേപ്പർ ലാമ്പുകളും ഗ്രാമപഞ്ചായത്തിലുണ്ട്. ഇവയുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് 127043 രൂപയാണ്. ആകെ വൈദ്യുതി ചാർജ്ജിന്റെ 80 ശതമാനവും ഈ ലാമ്പുകളുടേതാണ്. ഇവയ്ക്ക് പകരം എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള വികസനഫണ്ട് വകയിരുത്തി പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയാൽ താഴെ പറയും പ്രകാരമുള്ള നേട്ടം പ്രതീക്ഷിക്കാവുന്നതാണ്.

| | |
|---|---|
| 913 (868-ട്യൂബ്+45-SVL) ലാമ്പുകളുടെ നിലവിലെ പ്രതിമാസ ചാർജ്ജ് | 127043രൂപ |
| 24 വാട്ടിന്റെ എൽ.ഇ.ഡി ലാമ്പിന്റെ നിരക്ക് | 20 രൂപ |
| 913 എൽ.ഇ.ഡി ലാമ്പുകളുടെ പ്രതിമാസ ചാർജ്ജ് | 18260 രൂപ |
| പ്രതിമാസം പ്രതീക്ഷിക്കാവുന്ന നേട്ടം | 108783 രൂപ |

| | |
|---|---|
| പ്രതിവർഷ പ്രതീക്ഷിത നേട്ടം | 1305396 രൂപ |
| വൈദ്യുതി ചാർജ്ജിനത്തിൽ പ്രതീക്ഷിക്കാവുന്ന നേട്ടം | 68% |

എൽ.ഇ.ഡി ലാമ്പുകൾക്ക് ശരാശരി 50000 മണിക്കൂർ ആയുസ്സ് ഉള്ളതിനാൽ 10 വർഷത്തിൽ അധികം നിലനിൽക്കുന്നതാണ്. വൈദ്യുതി ചാർജ്ജിനത്തിലെ കുറവ് കൂടാതെ പരിപാലനത്തിനായി ചെലവഴിക്കുന്ന തുകയിലും കുറവ് വരുത്താവുന്നതാണ്. മീറ്ററിംഗ് നിലവിൽ വരുന്നതോടെ കൂടുതൽ നേട്ടം പ്രതീക്ഷിക്കാവുന്നതാണ്.

എഫ്. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്തപരിശോധന നടത്തുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കി തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിച്ച് കണക്കുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോളും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോളും കണക്കുകളിൽ മാറ്റം വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

3. നിലിവില്ലാത്ത ലാമ്പുകൾക്ക് വൈദ്യുതി ബോർഡ് ഈടാക്കിവരുന്ന തുക മുൻകാല പ്രാബല്യത്തോടെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. അറ്റകുറ്റപണികൾക്കാവശ്യമായ ലാമ്പുകൾ ആവശ്യകത വിലയിരുത്തി മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5. ഊർജ്ജ ഉപഭോഗം കൂടുതലുള്ള 912 ലാമ്പുകൾ ഘട്ടം ഘട്ടമായി മാറ്റി ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.

6. മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ എഗ്രിമെന്റ് അനുസരിച്ചുള്ള കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

7. തെരുവു വിളക്കുകളുടെ പരിപാലനത്തിനായി പഞ്ചായത്ത് ഡയറക്ടർ 17-8-2015 ന് പുറപ്പെടുവിച്ചിട്ടുള്ള ജി2-44274/2015 നം. ഉത്തരവിൽ കൊടുത്തിട്ടുള്ള മാതൃകയിൽ തെരുവു വിളക്ക് മെയ്ന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഭരണസമിതിയും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കുന്നതാണെന്ന് 27-6-2017 ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ പ്രസിഡണ്ട് അറിയിച്ചു. ഓഡിറ്റ് അന്വേഷണം നം. 13/25-6-2017 നുള്ള മറുപടിയിൽ വൈദ്യുതി ചാർജജ് ക്രമീകരിക്കുവാൻ രണ്ട് തവണ കത്ത് നൽകിയിട്ടും വൈദ്യുതി ബോർഡ് തുടർനടപടി സ്വീകരിച്ചിട്ടില്ലെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ഈ വിഷയത്തിന്മേലുള്ള തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-2 ഗ്രാമപഞ്ചായത്തിന് ബാധ്യതയായിട്ടും കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ചില്ല

ഗ്രാമപഞ്ചായത്തിൽ 24കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾ പരിപാലിച്ചുവരുന്നുണ്ടെങ്കിലും 12 എണ്ണം ഗ്രാമപഞ്ചായത്ത് നേരിട്ടാണ് പരിപാലിക്കുന്നത്. ഇവയുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്തിന്

വൻതുക ചെലവഴിക്കേണ്ടിവരുന്നത് തനത്ഫണ്ടിന് അധിക ബാധ്യത സൃഷ്ടിക്കുന്നുണ്ട്. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിലെ കാര്യക്ഷമത വിലയിരുത്തിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ. ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കുടിവെള്ള പദ്ധതികൾ

ഗ്രാമപഞ്ചായത്ത് പരിപാലിക്കുന്ന 12 കുടിവെള്ള പദ്ധതികളുടെ കീഴിൽ ഗാർഹിക കണക്ഷനുകളും ഗാർഹികേതര കണക്ഷനുകളും നിലവിലുണ്ടെങ്കിലും ഉപഭോക്താക്കളുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ കൃത്യമായി സൂക്ഷിച്ചിട്ടില്ല. എല്ലാ ഉപഭോക്താക്കളിൽ നിന്നും 70 രൂപയാണ് പ്രതിമാസം ഈടാക്കുന്നത്.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി 9 പമ്പ് ഓപ്പറേറ്റർമാരെ ഗ്രാമപഞ്ചായത്ത് നിയമിച്ചിട്ടുണ്ട്.

ബി. ഡിമാന്റ് രജിസ്റ്ററിന്റെ സൂക്ഷിപ്പ്

2016-17 വർഷത്തെ വാർഷിക കണക്ക് പ്രകാരം വെള്ളക്കരം ഇനത്തിൽ 154120 രൂപയാണ് വരവുള്ളത്. ഉപഭോക്താക്കളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ, വെള്ളക്കരം ഡിമാന്റ്-അരിയർ ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല. വരവ് തുക ഡിമാന്റ് ആയി കണക്കാക്കുന്ന രീതിയാണ് തുടർന്നു വരുന്നത്. ഉപഭോക്താക്കളുടെ കണക്ക് ഇല്ലാത്തതിനാൽ ഡിമാന്റ് തുക കണക്കാക്കുവാനോ കുടിശ്ശിക എത്രയെന്ന് കണ്ടെത്തുവാനോ സാധിക്കാത്ത സ്ഥിതിയാണുള്ളത്. മുൻ വർഷങ്ങളിലെ കുടിശ്ശിക വിവരവും ലഭ്യമല്ല. കുടിശ്ശിക പിരിച്ചെടുക്കുന്നതിനോ, കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനോ ഉള്ള ഊർജ്ജിത ശ്രമങ്ങളൊന്നും തന്നെ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാവാത്തതിനാൽ വെള്ളക്കരം ഇനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 40% കുറവുണ്ടായിട്ടുണ്ട്.

സി. കുടിവെള്ള പദ്ധതികളുടെ പരിപാലനച്ചെലവ്

2016-17 വർഷത്തിൽ കുടിവെള്ള പദ്ധതികളുടെ പരിപാലനത്തിനായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| വൈദ്യുതി ചാർജ്ജ് | 692602 |
| പമ്പ് ഓപ്പറേറ്ററുടെ വേതനം | 344100 |
| അറ്റകുറ്റപണികൾക്കായുള്ള ചെലവ് | 405246 |
| ആകെ | 1441948 |

തൻവർഷത്തെ വരവ് 154120രൂപയും ചെലവ് 1441948 രൂപയുമാണ്.

പദ്ധതികളിൽ നിന്നുള്ള വരവും പരിപാലന ചെലവും തമ്മിലുള്ള വൻ അന്തരം ഗ്രാമപപഞ്ചായത്തിന്റെ ധനസ്ഥിതിയെ കാര്യമായി ബാധിക്കുന്നുണ്ട്.

ഡി. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്-സംരക്ഷണ ചുമതല ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കേണ്ടതാണെന്ന 30-5-2009 ലെ സ.ഉ(സാ)നം. 1275/2009/ത.സ്വ.ഭ.വ ഉത്തരവിലെ നിർദ്ദേശം പാലിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പദ്ധതികൾ കൈമാറുന്നതുവരെ ഉപഭോക്താക്കളുടെ കൃത്യമായ കണക്ക് ശേഖരിച്ച് ഡിമാന്റ് രജിസ്റ്ററും കുടിശ്ശിക ഡിമാന്റ് രജിസ്റ്ററും തയ്യാറാക്കി കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്.

3. വെള്ളക്കരം കുടിശ്ശിക വരുത്തിയവർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ വിഷയം ഭരണസമിതി ചർച്ചചെയ്യുന്നതാണെന്നും ഘട്ടംഘട്ടമായി കുടിവെള്ള പദ്ധതികൾ കൈമാറുന്നതിനുള്ള ശ്രമം ഉണ്ടാകുമെന്നും 27-6-2017 ന് ചേർന്ന എക്സിറ്റ് മീറ്റിംഗിൽ പ്രസിഡണ്ട് അറിയിച്ചു. ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 14/25-6-2017 നുള്ള മറുപടിയിലും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-3 പൊതുടാപ്പുകൾ കുറവു ചെയ്ത് ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന ബാധ്യത കുറയ്ക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ കേരള ജല അതോറിറ്റിയുടെ കീഴിലുള്ള 193 പൊതു കുടിവെള്ള ടാപ്പുകൾ നിലവിലുണ്ട്. ഒരു ടാപ്പിന് 5250 രൂപ നിരക്കിൽ പ്രതിമാസം 84438 രൂപ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. ഓരോ പ്രദേശത്തും ഉള്ള ടാപ്പുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. നിലവിലില്ലാത്ത ടാപ്പുകളുടേയും വെള്ളം ലഭിക്കാത്ത ടാപ്പുകളുടേയും കണക്ക് സൂക്ഷിക്കാത്തതിനാൽ വെള്ളക്കരം ഒടുക്ക് കൃത്യമാണോ എന്ന് പരിശോധിക്കുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. തനത് ഫണ്ടിൽ നിന്നും മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നുമാണ് വെള്ളക്കരം ഒടുക്കുന്നത്. പ്രതിവർഷം വെള്ളക്കരം ഇനത്തിൽ മാത്രം 1013256 രൂപ ഗ്രാമപഞ്ചായത്ത് ഒടുക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന് ഇത് അധിക ബാധ്യത സൃഷ്ടിക്കുന്നുണ്ട്.

ഈ സാഹചര്യത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. പൊതുടാപ്പുകളുടെ കൃത്യത ഉറപ്പാകുന്നതിനായി ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കണക്ക് കൃത്യമാക്കേണ്ടതും നിലവിലില്ലാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നത് ഒഴിവാക്കേണ്ടതാണ്.

2. പരമാവധി കുടുംബങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് വീടുകളിലേക്ക് കുടിവെള്ള കണക്ഷൻ അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ഏറ്റെടുക്കേണ്ടതാണ്. ഇക്കാര്യത്തിനായി ജി.ഒ (എം.എസ്)നം.72/2017/തസ്വഭവ തിയതി 29-3-2017, ജി.ഒ (എം.എസ്)നം.80/2017/തസ്വഭവ തിയതി 03.04.2017 എന്നിവയിലെ നിബന്ധനകൾ അനുസരിച്ച് പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്.

3. ജില്ലാ പഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

4. ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.

ഈ വിഷയത്തിന്മേലുള്ള തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

ഐ.എസ്.ഒ സർട്ടിഫിക്കേഷനു വേണ്ടി തൻവർഷത്തിൽ 2 ലക്ഷം രൂപ വകയിരുത്തി ഒരു പ്രൊജക്റ്റ് ആവിഷ്കരിച്ചുവെങ്കിലും കാര്യക്ഷമമായി പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജകറ്റ് -152/17-ഐ.എസ്.ഒ സർട്ടിഫിക്കേഷൻ

അടങ്കൽ -------- 200000 (ലോകബാങ്ക് സഹായം)

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

പ്രസ്തുത പദ്ധതി വഴി പൗര സർവ്വേ നടത്തുന്നതിനും റെക്കോർഡ് റൂം തയ്യറാക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരുന്നത്. പദ്ധതി നടത്തിപ്പിനായി 28.12.16 ന് നടന്ന ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.2.17 ൽ നടന്ന സാധാരണ മീറ്റിംഗ് തീരുമാനം 5-(8) പ്രകാരം റീ ടെണ്ടർ ചെയ്യുന്നതിനും ആയതിൻെറ അടിസ്ഥാനത്തിൽ നടന്ന റീടെണ്ടർ സാലി അസ്സോസിയേറ്റ്സ്, വടക്കഞ്ചേരി എന്ന സ്ഥാപനം മാത്രം പങ്കെടുക്കുകയും ടി സ്ഥാപനത്തിൻെറ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു.

റെക്കാർഡ് റൂം പണിയുന്നതിന് സ്ക്വയർ ഫീറ്റിന് 295/-രൂപ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കുകയും റാക്ക് നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബിൽ തുക നാളിതുവരെ നൽകിയിട്ടില്ല. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിലേക്ക് സ.ഉ (എം.എസ്) നം. 18/15/ത.സ്വ.ഭ.വ തിയ്യതി 29.1.2015 പ്രകാരം പുറപ്പെടുവിച്ച പരിഷ്കരിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-5 അതുല്യം പ്രാഥമിക വിദ്യാഭ്യാസ പരിപാടി-രണ്ടാം ഘട്ടം - ഇൻസ്ട്രക്ടർമാരുടെ വേതനം അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ആയില്ല - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രൊ.നം. 18/17-അതുല്യം പ്രാഥമിക വിദ്യാഭ്യാസ പരിപാടി-രണ്ടാം ഘട്ടം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 100000 രൂപ (വികസന ഫണ്ട്)

ചെലവ് - 70552 (ബിൽ നം. 37/25-3-2017)

അതുല്യം പദ്ധതിയുടെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾക്കായി 70552 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിക്കുന്നതിനായി ട്രഷറിയിൽ ബിൽ സമർപ്പിക്കുകയും തുക പിൻവലിച്ചതായി ബിൽ ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ബില്ലിനോടൊപ്പം ഇൻസ്ട്രക്ടർമാരുടെ അക്കൗണ്ട് വിവരങ്ങൾ സമർപ്പിച്ചിരുന്നുവെങ്കിലും തുക അക്കൗണ്ടുകളിലേക്ക് നാളിതുവരെ വരവ് വെച്ചിട്ടില്ല. സെക്രട്ടറിയുടെ 20-5-2017 ലെ ആലത്തൂർ സബ് ട്രഷറി ഓഫീസർക്കുള്ള കത്തിൽ ബില്ലിനോടൊപ്പം സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തെറ്റായ വിവിരങ്ങൾ മൂലം ഉണ്ടായ അപാകത പരിഹരിച്ച് ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അപാകത പരിഹരിക്കപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് | വരവ് വെക്കേണ്ട തുക | അസ്സൽ ബില്ലിലെ ക്രമ നം. |
|---|---|---|---|
| 1 | രുഗ്മിണി | 4000 | 1 |
| 2 | ലതിക.കെ | 4000 | 3 |
| 3 | രതി ബാബു | 4000 | 5 |
| 4 | സുമതി.ജി | 4000 | 6 |
| 5 | സുനിത | 4000 | 8 |
| 6 | സുജാത.എം | 4000 | 10 |
| 7 | നാരായണൻകുട്ടി | 4900 | 15 |
| 8 | സുജാത.ആർ | 4844 | 17 |
| 9 | രമേഷ് | 483 | 19 |
| 10 | അംബിക ഉണ്ണികൃഷ്ണൻ | 4000 | 2 |
| 11 | ചന്ദ്രിക | 500 | 18 |
| ആകെ | | 38727 | |

ബില്ലുകളോടൊപ്പം സമർപ്പിക്കുന്ന രേഖകളിലെ അപാകതകൾ ഒഴിവാക്കേണ്ടതാണ്.

ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് 15/25-6-2017 നം. ഓഡിറ്റ്

അന്വേഷണത്തിനുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല

2016-17 വർഷത്തിൽ വിവിധ പ്രവൃത്തികൾക്കായി മറ്റ് ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നിർവ്വഹ ഉദ്യോഗസ്ഥൻ | ബിൽ/ചെക്ക് നമ്പർ | തുക |
|---|---|---|---|---|
| വൈദ്യുതി ബോർഡ് | 22/17-കുട്ടപ്പുര പോസ്റ്റ് മാറ്റൽ | സെക്രട്ടറി | 31/10-3-2017 | 49970 |
| | 85/17-തെരുവുവിളക്കിന് മീറ്റർ സ്ഥാപിക്കൽ | സെക്രട്ടറി | 30/10-3-2017 | 222600 |
| | 153/17-തെരുവുവിളക്കിന് മീറ്റർ സ്ഥാപിക്കൽ | സെക്രട്ടറി | 29/10-3-2017<br>43/30-3-2017 | 360000<br>32200 |
| | 154/17-വിവിധ വാർഡുകളിലേക്ക് ലൈൻ വലിക്കൽ | സെക്രട്ടറി | 28/10-3-2017 | 693655 |
| | 96/17-നടക്കാവ് പട്ടികജാതി കോളനി ലൈൻ വലിക്കൽ | അസിസ്റ്റന്റ് സെക്രട്ടറി | 6/29-3-2017 | 53100 |
| ജല അതോറിറ്റി | 13/17-അന്താഴി പൈപ്പ്ലൈൻ നീട്ടൽ | സെക്രട്ടറി | 9/28-10-2016 | 20000 |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രങ്ങളും ലഭ്യമാക്കേണ്ടതും ബാക്കിയുള്ള തുക തിരികെ ഈടാക്കേണ്ടതുമാണ്.
മേൽ പദ്ധതികളുടെ പൂർത്തീകരിക്കുന്ന മുറയ്ക്ക് സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 15/25-6-2017നുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.
തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 എസ്.എസ്.എ പദ്ധതിക്കായി കൈമാറിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമായില്ല

എസ്.എസ്.എ പദ്ധതിക്കായി താഴെ പറയും പ്രകാരം കൈമാറിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| പ്രൊജക്ട് | ബിൽ നം. /തിയതി | തുക | കുറിപ്പ് |
|---|---|---|---|
| 4/17-എസ്.എസ്.എ വിഹിതം | 23/ 20-2-2017 | 746901 | എസ്.എസ്.എ യുടെ ജില്ലാ പ്രൊജക്ട് ഓഫീസറുടെ |

| | | | |
|---|---|---|---|
| | | | അക്കൗണ്ടിലേക്ക് തുക മാറ്റിയിട്ടുണ്ട്. |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ എസ്.എസ്.എ ഓഫീസിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് 15/25-6-2017 നം. ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വിനിയോഗ രേഖകൾ ലഭ്യമാക്കിതെളിവ് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 പദ്ധതി നിർവ്വഹണ-മോണിറ്ററിംഗ് പ്രൊജക്റ്റ് പ്രകാരം അനുവദനീയമല്ലാത്ത ചെലവ് നടത്തി-12360 രൂപ തടസ്സത്തിൽ വെക്കുന്നു

പ്രൊ.നം. 150/17-പദ്ധതി നിർവ്വഹണം & മോണിറ്ററിംഗ്

അടങ്കൽ - 150000 (തനത് ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

2016-17 വർഷത്തെ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഗ്രാമസഭാ സംഘാടനം, വർക്കിംഗ് ഗ്രൂപ്പ്, മോണിറ്ററിംഗ്, പ്രിന്റിംഗ്, റിഫ്രഷ്മെന്റ്, പത്രപരസ്യം തുടങ്ങിയ പ്രവർത്തനങ്ങൾക്കുള്ള ചെലവ് നിർവ്വഹിക്കുന്നതിനായി ആവിഷ്കരിച്ച പ്രൊജക്റ്റിനുള്ള തുക വകയിരുത്തിയിട്ടുള്ളത് തനത് ഫണ്ടിൽ നിന്നാണ്. രേഖകളുടെ പരിശോധനയിൽ ഈ പ്രൊജക്റ്റ് പ്രകാരം അനുവദനീയമല്ലാത്ത താഴെ പറയുന്ന പ്രവൃത്തിക്കായി തുക ചെലവഴിച്ചിട്ടുണ്ടെന്ന് കണ്ടെത്തി.

8-ാം വാർഡിലെ പനമ്പഴക്കാട് കോളനി റോഡിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുവാൻ ഭരണ സമിതിയുടെ 27-1-2017 ലെ തീരുമാനം നം. 6(4) പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. ആയതനുസരിച്ച് 12360 രൂപ പിൻവലിച്ച് വൈദ്യുതി ബോർഡിന് നൽകിയിട്ടുള്ളത് പദ്ധതി നിർവ്വഹണം & മോണിറ്ററിംഗ് പ്രൊജക്റ്റിനായി വകയിരുത്തിയ തുകയിൽ നിന്നാണ്.

വൗ. നം. 21600793/15-2-2017 – 12360 രൂപ

10000 രൂപയിൽ കൂടുതൽ അടങ്കൽ വരുന്ന ഇത്തരം പ്രവൃത്തികൾ പ്രൊജക്റ്റ് ആവിഷ്കരിച്ച് ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ നിർവ്വഹണം നടത്തണമെന്നിരിക്കെ മറ്റൊരു പ്രൊജക്റ്റിനായി വകയിരുത്തിയ തുകയിൽ നിന്നും ചെലവഴിച്ച നടപടി ക്രമപ്രകാരമല്ല.
ഭരണസമിതി നിർദ്ദേശമനുസരിച്ചാണ് തുക ചെലവഴിച്ചതെന്നും തനത് ഫണ്ടിലേക്ക് തുക റീക്കൂപ്പ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണം നം. 15/25-6-2017 നുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

പ്രൊജക്റ്റ് പ്രകാരം അനുവദനീയമല്ലാത്ത കാര്യത്തിനായി നടത്തിയ ചെലവ് ക്രമീകരിക്കുന്നതുവരെ 12360 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തനത് ഫണ്ടിന്റെ ചെലവ് ക്രമാതീതമായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പദ്ധതി നിർവ്വഹണ-മോണിറ്ററിംഗ് ചെലവുകൾക്കായി തനത് ഫണ്ട് വകയിരുത്തുന്നതിനു പകരം വികസന ഫണ്ടിൽ നിന്നും ചെലവ് നിർവ്വഹിക്കുന്നതായിരിക്കും ഉചിതമായിട്ടുള്ളതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-9 പഞ്ചായത്ത് ഓഫീസിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ

## വാങ്ങൽ- കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയത് ക്രമപ്രകാരമല്ല

പ്രൊ.നം. 151/17-പഞ്ചായത്ത് ഓഫീസിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ

അടങ്കൽ - 100000 (ലോകബാങ്ക് സഹായം)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് - 94500 (ബിൽ നം. 45/30-3-2017)

പി.ഡബ്ള്യൂ.ഡി ഇലക്ട്രോണിക് വിംഗിൽ നിന്നും ലഭ്യമാക്കിയ സ്പെസിഫിക്കേഷന്റേയും എസ്റ്റിമേറ്റിന്റേയും അടിസ്ഥാനത്തിൽ പഴയ ഫോട്ടോസ്റ്റാറ്റ് മെഷീൻ കയ്യൊഴിക്കുന്നതിനും പുതിയത് വാങ്ങുന്നതിനുമായി ടെണ്ടർ ക്ഷണിക്കുകയും വ്യത്യസ്ത സ്പെസിഫിക്കേഷനുകളിലുള്ള 6 ടെണ്ടറുകൾ ലഭ്യമാവുകയും ചെയ്തു. എ2-812/16(4)/9-12-2016 നം. ടെണ്ടർ പരസ്യം പ്രകാരം പ്രസിദ്ധീകരിച്ച സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള (Duplex, A3, 20 PPM, etc.) രണ്ട് ടെണ്ടറുകളാണ് ലഭ്യമായിരുന്നത്. ആയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | മെഷീന്റെ വില | പഴയ മെഷീന്റെ വില (ബൈബാക്ക്) | ആകെ | പുന:ക്രമീകരിച്ച നിരക്ക് |
|---|---|---|---|---|---|
| 1 | ബ്രൈറ്റ് മാർക്കറ്റിംഗ് കമ്പനി | 100000 | 12000 | 88000 | 88000 |
| 2 | ACE ബിസിനസ്സ് | 106500 | 7500 | 99000 | 94500 |

ടെണ്ടറുകൾ പി.ഡബ്ള്യൂ.ഡി യുടെ ഇലക്ട്രോണിക് വിംഗിലേക്ക് പരിശോധനയ്ക്ക് അയച്ചതിൽ Canon IR 2520 എന്ന ഇനമോ തത്തുല്യമായതോ വാങ്ങാവുന്നതാണെന്ന 304/AE/511/2016 തിയതി 30-1-2017 നം. ശുപാർശ കണക്കിലെടുത്ത് 27-2-2017 ലെ ഭരണസമിതിയുടെ തീരുമാനം നം. 5(4) അനുസരിച്ച് ACE ബിസിനസ്സ് മെഷീൻ, പാലക്കാടിന്റെ Canon IR2520 എന്ന മെഷീൻ വാങ്ങുവാൻ തീരുമാനമെടുത്തു. സ്പെസിഫിക്കേഷനുകൾ പരിശോധിച്ച് സമാനമായവ രേഖപ്പെടുത്തി കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ ശുപാർശ ചെയ്യുന്നതിനു പകരം ഉയർന്ന നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ക്വട്ടേഷൻ അഗീകരിച്ചത് ക്രമപ്രകാരമല്ല. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ബ്രൈറ്റ് മാർക്കറ്റിംഗ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കാതിരുന്നതിന് പ്രത്യേക കാരണങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

ACE ബിസിനസ്സ് മെഷീന്റെ 6-3-2017 ലെ കത്ത് പ്രകാരം പഴയ മെഷീന്റെ വില 12000 രൂപയായി ഉയർത്തിയതനുസരിച്ച് പുതുക്കിയ നിരക്ക് 94500 രൂപയായി പുനർ നിശ്ചയിക്കുകയും ടി തുകയ്ക്ക് മെഷീൻ വാങ്ങുകയും ചെയ്തു.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 15/25-6-2017 നുള്ള മറുപടിയിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ബ്രൈറ്റ് മാർക്കറ്റിംഗ് എന്ന സ്ഥാപനത്തിന്റെ മെഷീനാണ് ഓഫീസിൽ മുമ്പ് ഉണ്ടായിരുന്നതെന്നും പല തവണയായി കേടുവന്നിട്ടുള്ളതുമൂലവും സേവനം തൃപ്തികരമല്ലായിരുന്നതുമൂലവുമാണ് ബ്രൈറ്റ് മാർക്കറ്റിംഗിന്റെ മെഷീൻ വാങ്ങേണ്ടതില്ല എന്ന് തീരുമാനിച്ചതെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ചതിനുശേഷം കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കുന്നതിനായി ഇത്തരം നിബന്ധനകൾ ഉൾപ്പെടുത്തുന്നത് അഭികാമ്യമല്ല. സ.ഉ(പി)നം. 259/2010/എൽ.എസ്.ജി.ഡി തിയതി 8-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ,

2013 ലെ കേരള സ്റ്റോർ പർച്ചേസ് മാന്വൽ എന്നിവ പ്രകാരം ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്താത്ത നിബന്ധനകൾ ടെണ്ടറിനു ശേഷം ഉൽപ്പെടുത്തുന്നത് അനുവദനീയമല്ല. എഗ്രമെന്റിൽ ഉചിതമായ നിബന്ധനകൾ ഉൾപ്പെടുത്തി തുടർ സേവനം തൃപ്തികരമാണെന്ന് ഉറപ്പാക്കാവുന്നതാണ്. പഞ്ചായത്ത് സമർപ്പിച്ച മറുപടി അംഗീകരിക്കുന്നില്ല.

കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും മെഷീൻ വാങ്ങാതിരുന്നതിനാൽ ഗ്രാമ പഞ്ചായത്തിനുണ്ടായ നഷ്ടം 6500 രൂപ (94500-88000) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-10 പമ്പ് ഹൗസ് മോട്ടോർ റിപ്പയർ - കരാറുകാരന്റെ ബില്ലിൽ നിന്നും നിയമാനുസൃത നികുതികൾ ഈടാക്കിയില്ല

പ്രൊ.നം. 143/17-പമ്പ് ഹൗസ് മോട്ടോർ റിപ്പയർ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 400000 (സി.എഫ്.സി)

ചെലവ് - 69726 രൂപ ( ബിൽ നം. 22/20-2-2017)

110993 രൂപ ( ബിൽ നം. 39/25-3-2017)

ആകെ 180719 രൂപ

കരാറുകാരന്റെ പേര് - ശ്രീ.പി.എസ്.വെങ്കിട്ടരാമൻ, ആലത്തൂർ

എഗ്രിമെന്റ് നം. 20/22-8-2016

ഗ്രാമപഞ്ചായത്തിലെ വിവിധ പമ്പ് ഹൗസുകളിലെ മോട്ടോറുകൾ റിപ്പയർ ചെയ്യുന്നതിനായി കരാറിൽ ഏർപ്പെട്ട കരാറുകാരന്റെ ബില്ലുകളിൽ നിന്നും നിയമാനുസൃത നികുതികൾ ഈടാക്കിയിട്ടില്ല. ഈടാക്കുവാൻ വിട്ടുപോയ നികുതികളുടെ വിവരം താഴെ ചേർക്കുന്നു.

ആകെ ബിൽ തുക - 180719

വാറ്റ് 4% - 7229

വാറ്റ് രജിസ്ട്രേഷൻ നം. 16501/30-12-2008)

ആദായനികുതി 1% - 1807

ക്ഷേമനിധി 1% - 1807

2017-18 വർഷത്തിൽ ഈ പദ്ധതി സ്പിൽ ഓവറായി നിലനിർത്തിയിട്ടുണ്ടെന്നും തുടർ ബില്ലുകളിൽ നിന്നും തുക ഈടാക്കി ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണം നം. 15/25-6-2017 നുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

മേൽ തുകകൾ ഈടാക്കി അതാത് ഹെഡ്ഡുകളിലേക്ക് ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-11 എസ്.സി വനിതാ വിപണന കേന്ദ്രം

## പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് 2014-15 വർഷത്തിൽ 10 ലക്ഷം രൂപ ചെലവഴിച്ച് മൂന്നാം വാർഡിലെ പാറക്കൽ കാട് എന്ന സ്ഥലത്ത് നിർമ്മിച്ച എസ്.സി വനിതാ വിപണന കേന്ദ്രത്തിന്റെ അനുബന്ധ പ്രവർത്തനങ്ങൾക്കായി തൻവർഷം താഴെ പറയുന്ന രണ്ട് പ്രൊജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. 247/16(50/17)-എസ്.സി വനിതാ വിപണന കേന്ദ്രം - പൂർത്തീകരണം

ചെലവ് - 100000 (ബിൽ നം. 2/21-11-2016)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനിയർ

2. 16/17-എസ്.സി വനിതാ വിപണന കേന്ദ്രം-വയറിംഗ്

ചെലവ് - 82649 (20/25-2-2017)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ബിൽ നം. 22-2-2017

കെട്ടിടത്തിന്റെ വയറിംഗ് പൂർത്തീകരിച്ചിട്ടുണ്ടെന്നും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും ഗ്രാമപഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്.

പട്ടികജാതി വനിതകളുടെ ഉന്നമനം ലക്ഷ്യമിട്ട് പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്കരിക്കുന്ന ഇത്തരം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനും ഭൗതികലക്ഷ്യം കൈവരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. കെട്ടിട നിഷ്ക്രിയാസ്തിയായി മാറാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനായി കെട്ടിടം ഉപയുക്തമാക്കുന്നതാണെന്ന് പഞ്ചായത്ത് പ്രസിഡണ്ട് 27-6-2017 ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.



എസ്.സി വനിതാ വിപണന കേന്ദ്രം

# 3-12 അങ്കണവാടികളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുവാൻ കേന്ദ്രഫണ്ടിന്റെ നീക്കിയിരിപ്പ് പ്രയോജനപ്പെടുത്തുന്നില്ല

1. കേന്ദ്രഫണ്ടിന്റെ വിനിയോഗം ഫലപ്രദമല്ല

2016-17 വർഷത്തിൽ പൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്രവിഹിതമായി ബ്ലോക്ക് പഞ്ചായത്ത് മുഖേന ലഭിച്ച തുകയിൽ 1421206/- രൂപ നാളിതുവരെ ചെലവഴിക്കാതെ നീക്കിയിരിപ്പായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

മുന്നിരിപ്പ്- 818867

തൻവർഷത്തെ വരവ് -1377073

ആകെ - 2195940

ചെലവ് - 774734

ബാക്കി -1421206

സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭവ തിയതി 3-9-2010 പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാപഞ്ചാത്തിൽ 26 അങ്കണവാടികളാണ് ഉള്ളത്. ഇതിൽ 5 എണ്ണം വാടക കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിക്കുന്നത്. 8 അങ്കണവാടികൾ വൈദ്യുതീകരിച്ചിട്ടില്ല. 18 അങ്കണവാടികളിൽ മാത്രമാണ് ചുറ്റുമതിൽ ഉള്ളത്. കുടിവെള്ള സൗകര്യം 14 അങ്കണവാടികളിൽ മാത്രമാണ് ഉള്ളത്. അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാൻ പദ്ധതികൾ ആവിഷ്കരിക്കുകയും മുൻഗണന നൽകി അവ പ്രാവർത്തികമാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.
മേൽ ആവശ്യങ്ങൾക്ക് തുക വകയിരുത്താതിരുന്നതിന്റെയും, തുക ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് പൂരകപോഷകാഹാര പദ്ധതിക്കായി നാളിതുവരെ നൽകാത്തതിന്റെ കാരണം വിശദീകരികുവാൻ ഓഡിറ്റ് അന്വേഷണം നല്കിയതിന് തൃപ്തികരമായ മറുപടി ലഭിച്ചിട്ടില്ല. തുകയുടെ വിനിയോഗ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. അങ്കണവാടികളുടെ ഫിറ്റ്നസ് ഉറപ്പാക്കുന്നില്ല

സർക്കാർ സർക്കുലർ നമ്പർ 31055/ഡി.സി.2/2011/തസ്വഭവ തിയ്യതി 22.3.2011 ഖണ്ഡിക (സി) 1,2,3 എന്നിവ പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻെറ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റനസ് സർട്ടിഫിക്കറ്റ് നല്കേണ്ടതുമാണ്. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്തപക്ഷം നിശ്ചിത സുരക്ഷിതത്വ സംവിധാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനം/കെട്ടിട ഉടമ ഏർപ്പെടുത്തേണ്ടതാണ്. ഇപ്രകാരം സുരക്ഷാ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയില്ലെങ്കിൽ സുരക്ഷിതമായ മറ്റൊരു സ്ഥലത്തേക്ക് അങ്കണവാടികൾ മാറ്റി പ്രവർത്തിപ്പിക്കേണ്ടതാണ്. അങ്കണവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻെറ അദ്ധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം

അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടിപ്രവർത്തകർ, എഞ്ചിനീയർ/ഓവർസീയർ എന്നിവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ് .മെയ് 30-നകം ഫിറ്റനസ് ഉണ്ടെന്ന് ഉറപ്പാക്കുകയും വേണം. സർക്കുലറിലെ നിർദ്ദേശങ്ങൾ നാളിതുവരെ പാലിച്ചിട്ടില്ല.
എല്ലാ അങ്കണവാടികളുടേയും സുരക്ഷിതത്വം ഉറപ്പാക്കേണ്ടതാണ്.

# 3-13 ടി.എച്ച്.ആർ.എസ് ഭക്ഷ്യമിശ്രിതം ലാബ് റിപ്പോർട്ട് ലഭ്യമാക്കിയില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി തൻവർഷത്തിൽ 3 പോഷകാഹാരപരിപാടികളാണ് നടപ്പിലാക്കിയിട്ടുള്ളത് (2 ജനറൽ + 1 എസ്.സി.പി). പോഷകാഹാര പരിപാടിക്കായി തൻവർഷത്തിൽ 2866013/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചാത്തിലെ അങ്കണവാടികളിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങുന്ന ഭക്ഷ്യമിശ്രിതം ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷൻെറയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കുവാനും ഐ.സി.ഡി.എസ്.ബി.3-312/2010 തിയ്യതി 5.6.10,1.2.10 തിയ്യതികളിലെ കത്തുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. ലാബ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമായില്ല. മാനദണ്ഡങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-14 പാലയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ അവലോകനം

പ്രൊജക്റ്റ് നം. 129/2017-പാലിയേറ്റീവ് പരിചരണ പദ്ധതി
അടങ്കൽ -1050000 {350000(വികസന ഫണ്ട്)+700000(ബ്ലോക്ക് വിഹിതം)}

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)
ചെലവ് – 339122 (വികസന ഫണ്ട്)

ഗുരുതരമായ രോഗം ബാധിച്ചവർക്ക് ആരോഗ്യവകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ(സാധാ)നം. 3217/2015/തസ്വഭവ തിയതി 29-10-2015 പ്രകാരം പുതുക്കിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. വീടുകൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഹോം കെയർ സംവിധാനമാണ് പ്രധാന പ്രവർത്തനം. ആയതിനായി ഗ്രാമപഞ്ചായത്തിൻെറ തൻവർഷത്തെ വിഹിതമായ 350000 രൂപയും ബ്ലോക്ക് വിഹിതമായ 700000 രൂപയും ഉൾപ്പെടെ ആകെ 1050000 രൂപ വകയിരുത്തിയെങ്കിലും പഞ്ചായത്ത് വിഹിതത്തിൽ നിന്നും 339122 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

പദ്ധതി നടത്തിപ്പുരേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

ചെലവു വിവരങ്ങൾ

| ചെലവിനം | തുക |
|---|---|
| വാഹന വാടക | 133850 |
| പാലിയേറ്റീവ് നഴ്സിനുള്ള ഹോണറേറിയം | 111867 |
| ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള തുക | 31400 |
| റിഫ്രെഷ്മെൻ്റ് ചാർജ് ഉൾപ്പെടെയുള്ള മറ്റു ചെലവുകൾ | 62005 |

2017 മാർച്ച് 31 വരെയുള്ള കണക്ക പ്രകാരം പാലിയേറ്റീവ് കെയർ നോമിനൽ രജിസ്റ്ററിൽ ആകെ 389 പേർ രജിസ്റ്റർ ചെയ്യുകയും, അതിൽ ഗൃഹപരിചരണം ആവശ്യമായ 100 പേരെ ഫോളോഅപ്പ് ഹോം കെയർ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ഗൃഹപരിചരണം തുടർന്നു വരുകയും ചെയ്യുന്നുണ്ട്. ദിവസത്തിൽ 6 മുതൽ 8 എണ്ണം വരെ എന്ന തോതിൽ വീടുകൾ സന്ദർശിച്ച് മാസത്തിൽ 14 ദിവസങ്ങളിൽ പരിചരണ പ്രവർത്തനങ്ങൾ നടത്തുകയും ആയത് പ്രതിമാസ യോഗങ്ങളിൽ വിശകലനം നടത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

പാലിയേറ്റീവ് രോഗി ബന്ധു സംഗമം, വിവിധ സംഘടനകൾ, വ്യക്തികൾ മുതലായവരുടെ സംഭാവന മുഖേന ഓണക്കിറ്റ് വിതരണം, നിർദ്ധനരായ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം, പാലിയേറ്റീവ് പദ്ധതിയുടെ കീഴിൽ രോഗികൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ എന്നീ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

ഓഡിറ്റ് നിരീക്ഷണങ്ങൾ

ഹോംകെയർ വാഹനം - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

പദ്ധതി നടത്തിപ്പിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായുള്ള പുതുക്കിയ മാർഗ്ഗരേഖ സ.ഉ(സാധാ)നം. 3217/2015/തസ്വഭവ തിയതി 29-10-2015 യിലെ ഖണ്ഡിക നം. 2.6.5(3) പ്രകാരം ഹോംകെയർ വാഹനവുമായി ബന്ധപ്പെട്ട് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഹോം കെയർ പരിചരണത്തിനായി വാടകയ്ക്കാണ് വാഹനം വിളിക്കുന്നതെങ്കിൽ നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത വാഹനം ഉറപ്പിക്കുകയും അത് പി.എം.സി അംഗീകരിക്കുകയും ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ 2016 ജൂലൈ മാസം വരെ KL9B3648 എന്ന നമ്പറിലുള്ള വാഹനവും അതിനുശേഷം KL951528 എന്ന നമ്പറിലുള്ള വാഹനവുമാണ് ഉപയോഗിച്ചിട്ടുള്ളത്.

പാലക്കാട് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഓഡിറ്റ വർഷത്തിൽ രോഗികൾക്ക് ആവശ്യമായ വാട്ടർ ബെഡ്, ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ്, കമ്മോഡ് ചെയർ മുതലായ ഉപകരണങ്ങൾ വാങ്ങുന്നതിന് പാലക്കാട് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയ്ക്ക് 31400/- രൂപ കൈമാറുകയും, 6 ഇനം ഉപകരണങ്ങളുടെ ബില്ല് 2017 മാർച്ച് മാസത്തിൽ ലഭ്യമാവുകയും ചെയ്തിട്ടുണ്ട് (ബിൽ നം.107569,തീ-17-3-2017). എന്നാൽ നാളിതുവരെ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല.

തനതു വർഷം ലഭ്യമായ ബ്ലോക്ക് പഞ്ചയത്തു വിഹിതം വിനിയോഗിച്ചിട്ടില്ല

പാലിയേറ്റീവ് പരിചരണ പദ്ധതിക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം 700000/- രൂപ സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാവുകയും (നെന്മാറ യൂണിയൻ ബാങ്കിന്റെ ചെക്ക് നം.798421 തീ-3-3-2017) തുക കാനറാ ബാങ്കിന്റെ തനതു ഫണ്ട് അക്കൗണ്ടിൽ 10-3-2017 വരവു വെക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും ചെലവുകൾ നടത്തിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി(പി.എം.സി), പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എന്നിവയുടെ യോഗങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

2. മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുകയും രേഖകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന്

ഉറപ്പാക്കേണ്ടതുമാണ്.

3. ഗ്രാമപഞ്ചായത്തിൽ 2016 ജൂലൈ മാസം വരെ KL9B3648 എന്ന നമ്പറിലുള്ള വാഹനവും അതിനുശേഷം KL951528 എന്ന നമ്പറിലുള്ള വാഹനവുമാണ് ഉപയോഗിച്ചിട്ടുള്ളത്. വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

4. പാലിയേറ്റീവ് പരിചരണ പദ്ധതി തുടർന്നുവരുന്നതിനാൽ വാഹന വാടകയിനത്തിൽ ചെലവഴിക്കുന്ന ഭീമമായ തുക കുറവു ചെയ്യുന്നതിനായി പൊതുജനങ്ങളുടെ സഹകരണത്തോടെയോ സന്നദ്ധസംഘടനകളുടെ സഹായത്തോടെയോ ഒരു വാഹനം ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. 29-10-2015 ലെ സ.ഉ(സാധാ)നം. 3217/2015/തസ്വഭവ ഉത്തരവിൽ വാഹനം വാങ്ങുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

5. പാലക്കാട് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും ഉപകരണങ്ങൾ എത്രയും പെട്ടെന്ന ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. ബ്ലോക്ക് പഞ്ചായത്ത് വിഹിതം 700000/- രൂപയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

പദ്ധതി നടത്തിപ്പിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായുള്ള പുതുക്കിയ മാർഗ്ഗരേഖ സ.ഉ(സാധാ)നം. 3217/2015/തസ്വഭവ തിയതി 29-10-2015 ലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-15 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് സമയബന്ധിതമായി ലഭ്യമാകുന്നില്ല - തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

എ) ഹോമിയോ ഡിസ്പൻസറിയിലേക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമായില്ല

പ്രൊജക്റ്റ് നം. - 119/2017

അടങ്കൽ - 100000 (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം)

ചെലവ് - 100000

ബിൽ നം. - 1/27-12-2016

ഡി.ഡി നം - 743362/28-12-2016

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ (ഹോമിയോ)

2016-17 സാമ്പത്തിക വർഷത്തിൽ ഹോമിയോ ഡിസ്പൻസറിയിലേക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, ആലപ്പുഴയുടെ പേരിൽ 12/2016 ൽ 100000/- രൂപയുടെ ഡി.ഡി അയച്ചു നൽകിയിട്ടുണ്ട്. 12/2016 ലെ സ്റ്റോക്ക് ഇൻവോയ്സ് പ്രകാരം 21 ഇനം മരുന്നുകളാണ് ആവശ്യപ്പെട്ടിരുന്നത് (നം. PF-659/13-12-2016). സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല എന്നു ബോധ്യപ്പെട്ടു. മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം നേരിടുന്നത്

അഭികാമ്യമല്ല. ഈ വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ (ഓഡിറ്റ് അന്വേഷണം നം.2, തിയ്യതി 21-6-2017) "മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് മേൽ സ്ഥാപനത്തിലേയ്ക്ക് കത്ത് അയയ്ക്കുകയും ഫോൺ മുഖേന ബന്ധപ്പെടുകയും ചെയ്തപ്പോൾ സീനിയോറിറ്റി അനുസരിച്ചാണ് മരുന്നുകൾ വിതരണം ചെയ്യുന്നതെന്നാണ് അറിയിച്ചിട്ടുള്ളത്".

മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

ബി) <u>ഡി.എം.ഒ – യിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല</u>.

പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ(സ.ഉ (എം.എസ്) നം. 4/2016/ത.സ്വ.ഭ.വ തീയതി.11-1-2016) യിലെ ഖണ്ഡിക 11.7(ii) പ്രകാരം മരുന്ന വാങ്ങുന്നതിന മുൻപ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിച്ചിരിക്കണം. എന്നാൽ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ പദ്ധതിയുടെ ഫയലിനോടൊപ്പം മേൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതിന ശേഷം മരുന്നുകൾ വാങ്ങിക്കുന്നതിന് പ്രത്യകം ശ്രദ്ധിക്കേണ്ടതാണ്.

## 3-16 <u>ട്രഷറിയിൽ നിന്നും പിൻവലിച്ച തുക ഗുണഭോക്താവിൻെറ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല-തുടർ നടപടികൾ ആവശ്യപ്പെടുന്നു</u>

പ്രോജകറ്റ് നമ്പർ-26/17-വീട് റിപ്പയർ (എസ്.സി.പി)

അടങ്കൽ ---------750000

നിർവ്വവഹണോദ്യോഗസ്ഥ – അസി.സെക്രട്ടറി

ചിലവിൻെറ വിവരം

1. ബിൽ നമ്പർ-8/16-17/29.9.17= 475000
2. ബിൽ നമ്പർ-14/16-17/31.3.17=150000

--------------

625000

---------------

25 ഗുണഭോക്താക്കൾക്ക് 25000/- രൂപ വീതം നല്കുവാനാണ് പദ്ധതി പ്രകാരം ലക്ഷ്യമിട്ടത്. ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ഒരാളായ തങ്കമണി w/oവേലായുധൻ, കോന്നല്ലൂർ എന്നവരുടെ ബാങ്ക് പാസ്ബുക്ക് (കാനറ ബാങ്ക്, ചിറ്റിലഞ്ചേരി, അക്കൗണ്ട് നം.0744108015646) പരിശോധനയ്ക്ക് വിധേയമാക്കിയതിൽ നാളിതുവരെയും തുക ടിയാരിയുടെ അക്കൗണ്ടിൽ ക്രെഡിറ്റിൽ വന്നിട്ടില്ല എന്ന് കണ്ടു.
27-6-2017 ലെ എക്സിറ്റ് മീറ്റിംഗിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തുകയും തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അധികൃതർ അറിയിക്കുകയും ചെയ്തിട്ടുണ്ട്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-17 വെളിയിട വിസർജ്ജന വിമുക്ത ഗ്രാമ പദ്ധതി - മേലാർകോട് ഗ്രാമപഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങളുടെ അവലോകനം

ശുചിത്വ മിഷന്റെ ജില്ലാ ഓഫീസിന്റെ 3.2.2016 ലെ 580/15 നം. ഉത്തരവ് അനുസരിച്ച് തുറസായ സ്ഥലത്ത് മലമൂത്ര വിസർജ്ജനമില്ലാത്ത ഗ്രാമപഞ്ചായത്തായി പ്രഖ്യാപിക്കുന്നതിനായി ബേസ്ലൈൻ സർവ്വേ പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണത്തിന് 15400/-രൂപ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. ശുചിത്വ മിഷൻ മുഖേന കേന്ദ്ര വിഹിതമായി 12000/-രൂപ വീതം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് നല്കുന്നതിനായി ഗ്രാമപഞ്ചായത്തിന് കൈമാറണമെന്നും നിബന്ധനയുണ്ടായിരുന്നു. എന്നാൽ കേന്ദ്ര വിഹിതം ലഭ്യമാകുവാൻ വൈകിയതിനാൽ സർക്കാർ ഉത്തരവ്(സാധാ)നം. 2235/2016/തസ്വഭവ തിയ്യതി 25.7.2016 ലെ നിർദ്ദേശാനുസരണം വികസനഫണ്ടിൽ നിന്നും തുക വകയിരുത്തിയാണ് ഗ്രാമപഞ്ചായത്ത് ഈ ആവശ്യത്തിനായി പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത്. 2016-17 വർഷത്തിൽ മേലാർകോട് ഗ്രാമപഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ താഴെ ചേർക്കുന്നു.

എ. ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പ്രൊജക്റ്റിന്റെ വിവരം

പ്രോജക്റ്റ് നമ്പർ. 2/17- കക്കൂസ് നിർമ്മാണം

അടങ്കൽ -2633400 (വികസന ഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ

ചെലവ് - 2,46,4000 രൂപ

ബിൽ നമ്പർ- 1. 1/16-17/26.8.16 = 7,70,000

2. 2/16-17/27.9.16 = 10,8000

3. 3/16-17/28.10.16 = 4,62,000

4. 4/16-17/19.2.17 = 1,54,000

--------------------

ആകെ 2,46,4000

--------------------

ബേസ്‌ലൈൻ സർവ്വേ പ്രകാരം ഗ്രാമപഞ്ചാത്ത് 171 പേരുടെ ലിസ്റ്റ് തയ്യാറാക്കുകയും തൻവർഷത്തിൽ കക്കൂസ് നിർമ്മാണം പൂർത്തീകരിച്ച 161 പേർക്ക് ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കായി വികസന ഫണ്ടിൽനിന്നും 2633400/- രൂപ വകയിരുത്തുകയും 2464000/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ബി. കേന്ദ്ര വിഹിതം ലഭ്യമായതിന്റെ വിവരം

ഒ.ഡി.എഫ് പദ്ധതിക്കായി ശുചിത്വമിഷനിൽ നിന്നും ലഭിച്ച 1539000രൂപ കേന്ദ്ര ഫണ്ടിൻെറ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ചെക്ക് നമ്പരും തിയ്യതിയും | തുക | തുക വരവു വെച്ചതിന്റെ വിവരം |
|---|---|---|---|
| 1 | 874696/27.12.16 | 718200 | തനത് ഫണ്ട് അക്കൗണ്ട് നം. 24756-കനറാ ബാങ്ക്, ചിറ്റിലഞ്ചേരി |
| 2 | 111537/17.3.17 | 820800 | |
| ആകെ | | 1539000 | |

സി. കേന്ദ്രഫണ്ടിന്റെ വിനിയോഗ വിവരം

സർക്കാർ ഉത്തരവ്(സാധാ)നം.2235/2016/തസ്വഭവ തിയ്യതി 25.7.2016 പ്രകാരം ഒ.ഡി.എഫ് പദ്ധതിയുടെ കേന്ദ്രവിഹിതം പദ്ധതി നടത്തിപ്പിനുശേഷം ലഭ്യമായാൽ പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്. ആയതനുസരിച്ച് ഭവന പുനരുദ്ധാരണത്തിനായി കേന്ദ്രവിഹിതം വകയിരുത്തി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജകറ്റ് നമ്പർ 29/16-17-ഭവന പുനരുദ്ധാരണം-ജനറൽ

അടങ്കൽ - 700000/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ (സർക്കിൾ 2)

ചെലവ് - 680000/- രൂപ

പദ്ധതി പ്രകാരം 34 ഗുണഭോക്താക്കൾക്ക് 20000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്.

ഡി. വിനിയോഗിക്കാതെ ബാക്കിനിൽക്കുന്ന കേന്ദ്രവിഹിതം

കേന്ദ്രവിഹിതമായി ലഭ്യമായ 1539000 രൂപയിൽ ഭവന പുനരുദ്ധാരണത്തിനായി ചെലവഴിച്ച 680000 രൂപ കഴിച്ചുള്ള 859000/-രൂപ തനത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. 2017-18 വർഷത്തിൽ 10 പേർക്ക് കൂടി കക്കൂസ് നിർമ്മിക്കുവാൻ പ്രൊജക്റ്റ് ആവിഷ്കരിച്ച് (പ്രൊജക്റ്റ് നം. 53/17-18) തുക വകയിരുത്തി

ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. രണ്ടു പേർക്ക് ഭാഗികമായി നൽകുവാനുള്ള തുക കൂടി കണക്കിലെടുത്ത് 169400 രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. ഈ തുക കഴിച്ച് 689600 രൂപ തനത് ഫണ്ടിൽ അവശേഷിക്കുന്നതാണെന്ന് വിലയിരുത്തുന്നു.

<u>വെളിയിട വിസർജ്ജന വിമുക്ത ഗ്രാമപഞ്ചായത്ത്</u>

27.9.16 ലെ ഗ്രാപഞ്ചാത്ത് ഭരണസമിതി തീരുമാനം 8 പ്രകാരം 29.9.16 തിയ്യതിയിൽ ഗ്രാമപഞ്ചായത്ത് വെളിയിട വിസർജ്ജന വിമുക്ത പഞ്ചായത്തായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്.

<u>ഓഡിറ്റ് നിരീക്ഷണം/നിർദ്ദേശം</u>

1. ഒ.ഡി.എഫ് പദ്ധതി പ്രകാരം 161 പേർക്ക് കക്കൂസ് നിർമ്മിച്ചു നൽകിയിട്ടുണ്ട്. 10 പേർക്കുള്ള ധനസഹായ പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.
2. കേന്ദ്ര ഫണ്ടിനത്തിൽ ലഭ്യമായ തുകയിൽ അവശേഷിക്കുന്ന തുക എപ്രകാരം വിനിയോഗിക്കണമെന്ന് ശുചിത്വ മിഷനിൽ നിന്നും സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതാണ്. ആയതനുസരിച്ച് തുടർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-18 എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം 91കിണറുകൾ നിർമ്മിച്ചു നൽകിയത് അഭിനന്ദനാർഹം

2016-17 സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണം സംബന്ധിച്ച മാസ്റ്റർ സർക്കുലറിലെ ഖണ്ഡിക 4-2-ബി പ്രകാരം സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ പദ്ധതി പ്രകാരം നിർമ്മിച്ചു നൽകാവുന്നതാണ്. ഗുണഭോക്താക്കളുടെ അർഹതാമാനദണ്ഡം സർക്കുലറിലെ ഖണ്ഡിക 5 ൽ പരാമർശിച്ചിട്ടുണ്ട്. ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഭൂവികസനവും, കിണറുകൾ, കുളങ്ങൾ, മറ്റ് ജലകൊയ്ത്ത് നിർമ്മിതികൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

ഗ്രാമപഞ്ചായത്ത് തൻവർഷത്തിൽ സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികളുടെ നിർമ്മാണം എന്ന പദ്ധതി പ്രകാരം വിവിധ വാർഡുകളിലായി കിണർ ഒന്നിന് 30000/-(60:40) രൂപ അടങ്കലിൽ ആകെ 91 കിണറുകൾ കുഴിച്ചിട്ടുണ്ട്. കുഴിച്ച കിണറുകളിൽ 79 എണ്ണത്തിൽ വെള്ളം ലഭിക്കുകയും 12എണ്ണത്തിൽ വെള്ളം ലഭ്യമായില്ല എന്നും കാണുന്നു. കിണർ നിർമ്മാണത്തിന്റെ ഭാഗമായി ലേബർചാർജ്ജ് ഇനത്തിൽ ആകെ 1693000/- രൂപയുടെ ചെലവ് തൻവർഷത്തിൽ ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഇത്തരത്തിലുള്ള ജലസംരക്ഷണ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ തുടർന്നും ശ്രദ്ധിക്കേണ്ടതാണ്.

# 3-19 എം.ജി.എൻ.ആർ.ഇ.ജി.എസ്- തൊഴിലാളികളുടെ കൂലിയിനത്തിലെ കുടിശ്ശിക 5779584/- രൂപ

ഗ്രാമപഞ്ചായത്തിൻെറ തൻവർഷത്തെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് പരിശോധനക്ക് വിധേയമാക്കിയതിൽ 2016 നവംബർ മുതൽ 2017 മാർച്ച് വരെയുള്ള കാലയളവിൽ ചെയ്ത 36 പ്രവൃത്തികളുടെ കൂലിയിനത്തിൽ ആകെ 5779584/- രൂപ നല്കുവാൻ കുടിശ്ശികയുണ്ട്.

തൊഴിലുറപ്പ് പദ്ധതി നിയമം 2005 സെക്ഷൻ 3 (3), തദ്ദേശസ്വയംഭരണ വകുപ്പിൻെറ 06-02-2015 ലെ സർക്കുലർ നമ്പർ 66791/ഡി.ഡി.2/14, തൊഴിലുറപ്പ് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പ്രകാരം

തൊഴിലാളികൾക്ക് കൂലി ആഴ്ചയിൽ ഒരു ദിവസം നൽകേണ്ടതും ഒരു കാരണവശാലും മസ്റ്റർറോൾ ക്ലോസ്സ് ചെയ്ത തിയ്യതി മുതൽ 15 ദിവസത്തിൽ അധികരിക്കുവാൻ പാടില്ലാത്തതുമാണെന്നും നിശ്ചിത നാൾക്കകം കൂലി ലഭ്യമാക്കിയില്ലെങ്കിൽ കാലതാമസം വരുന്ന ഓരോ ദിവസത്തിനും 0.05% നിരക്കിൽ നഷ്ടപരിഹാരം നൽകേണ്ടതുമാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ വേതന കുടിശ്ശിക സർക്കാരിൽ നിന്നും ലഭ്യമായാലുടൻ വിതരണം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-20 മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2016-17 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർ അംഗീകരിച്ച തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) (കുറഞ്ഞത് 1000) |
|---|---|---|---|---|---|
| 1 | 247/16-എസ് .സി വനിതാ വിപണന കേന്ദ്രം പൂർത്തീകരണം<br>അടങ്കൽ - 100000<br>കരാർ തുക - 100000<br>കരാറുകാരൻ - ശ്രീ.എ.ശശി<br>എം.ബുക്ക് നം. - 4/16-17<br>ബിൽ നം. 2/21-11-2016 - 100000 | 29-6-2016 | 20-7-2016 | 3-8-2016<br>നം. 6 | 1000 |

| | | | | | |
|---|---|---|---|---|---|
| 2 | 80/16 (37/17)-വലതല മഹാളികുടം റോഡ് അരികുസംരക്ഷണം<br><br>അടങ്കൽ - 150000<br><br>കരാർ തുക - 150000<br><br>കരാറുകാരൻ - ശ്രീ.ജി.രാമചന്ദ്രൻ<br><br>എം.ബുക്ക് നം. - 1/16-17<br><br>ബിൽ നം. 4/27-12-2016 - 150000 | 1-11-2014 | 21-11-2014 | 26-6-2015<br><br>നം.60 | 1500 |
| 3 | 232/16-കോരംപറമ്പ് കുടിവെള്ള പദ്ധതി<br><br>അടങ്കൽ - 370063<br><br>കരാർ തുക - 370063<br><br>കരാറുകാരൻ - ശ്രീ.വി.കൃഷ്ണദാസ്<br><br>എം.ബുക്ക് നം. - 5/16-17<br><br>ബിൽ നം. 5/17-2-2017 - 338809 | 29-6-2016 | 19-7-2016 | 3-8-2016<br><br>നം. 7 | 3701 |
| 4 | 234/16-പൂക്കുറിശ്ശി കോളനി റോഡ്<br><br>അടങ്കൽ - 150000<br><br>കരാർ തുക - 150000<br><br>കരാറുകാരൻ - ശ്രീ.പി.ഭരതൻ<br><br>എം.ബുക്ക് നം. - | 29-6-2016 | 20-7-2016 | 26-7-2016<br><br>നം. 1 | 1500 |

| | | | | | |
|---|---|---|---|---|---|
| | 10/16-17<br><br>ബിൽ നം. 17/25-3-2017 - 149976 | | | | |
| 5 | 231/16-ഇടക്കാട് കോളനിയിൽ പൈപ്പ്ലൈൻ നീട്ടൽ<br><br>അടങ്കൽ - 50000<br><br>കരാർ തുക - 50000<br><br>കരാറുകാരൻ - ശ്രീ.ഫ്രാങ്കിൻ ജോസ്<br><br>എം.ബുക്ക് നം. - 6/16-17<br><br>ബിൽ നം. 26/30-3-2017 - 49258 | 29-6-2016 | 20-7-2016 | 10-1-2017 | 1000 |
| ആകെ | | | | | 8701 |

ഓഡിറ്റ് അന്വേഷണം നം.15/27-6-2017 നുള്ള മറുപടിയിൽ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-21 പഞ്ചായത്ത് ഓഫീസ് പുനർനിർമ്മാണം - ഇ-ടെണ്ടർ ഫോറങ്ങളുടെ വില ജില്ലാ പഞ്ചായത്തിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കേണ്ടതാണ്

പഞ്ചായത്ത് ഓഫീസ് പുനർനിർമ്മാണത്തിനായി ഇ-ടെണ്ടർ വിളിക്കുകയും കരാർ ഉറപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ ഫോറങ്ങളുടെ വിലയും വാറ്റും പാലക്കാട് ജില്ലാപഞ്ചായത്തിലെ എൽ.എസ്.ജി.ഡി വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ടെണ്ടർ ഫോറങ്ങളുടെ വില നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. വാറ്റ് തുക വില്പനനികുതി ഓഫീസിലേക്കും അടച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫോറങ്ങളുടെ എണ്ണം | ടെണ്ടർ ഫോറത്തിന്റെ വില | വാറ്റ് | ടെണ്ടർ തിയതി |
|---|---|---|---|---|---|
| 156/17-പഞ്ചായത്ത് ഓഫീസ് പുനർനിർമ്മാണം | 1000000 | 2 | 4000 | 200 | 20-2-2017 |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട തുക ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി തനത്ഫണ്ടിൽ ഒടുക്കേണ്ടതാണ്. വാറ്റ് തുക വില്പനനികുതി ഓഫീസിൽ ഒടുക്കുന്നതിനുമുള്ള നടപടികളും

സ്വീകരിക്കേണ്ടതാണ്.

## 3-22 മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ ആവശ്യമായ എല്ലാ രേഖകളും സൂക്ഷിക്കേണ്ടതാണ്

മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ പൊതുവായി കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. സ്പിൽ ഓവർ പ്രവൃത്തികളുടെ കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുന്നില്ല.
2. പല മരാമത്ത് പ്രവൃത്തികളുടേയും ഫയലുകളിൽ കരാറുകാർക്ക് അയക്കുന്ന സെലക്ഷൻ നോട്ടീസ് സൂക്ഷിച്ചിട്ടില്ല.
3. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടറുകൾ ഭരണ സമിതി അംഗീകരിച്ച തിയതിയും തീരുമാനം നമ്പറും ചേർക്കുന്നില്ല.
4. കാലഹരണപ്പെട്ട എഗ്രിമെന്റ് വ്യവസ്ഥകൾ ഒഴിവാക്കിയിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ രേഖകൾ കൃത്യമായി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 1035000 | ഉഴവുകൂലി | 1035000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 350000 | ഉഴവുകൂലി | 350000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 700000 | പാലിയേറ്റീവ് കെയർ പദ്ധതി | ചെലവില്ല | 700000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|

| | | | | |
|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | 22/17-കുട്ടപ്പുര പോസ്റ്റ് മാറ്റൽ | 31/10-3-2017 | 49970 | പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | 85/17-തെരുവു വിളക്കിന് മീറ്റർ സ്ഥാപിക്കൽ | 30/10-3-2017 | 222600 | |
| | 153/17-തെരുവു വിളക്കിന് മീറ്റർ സ്ഥാപിക്കൽ | 29/10-3-2017<br>43/30-3-2017 | 360000<br>32200 | |
| | 154/17-വിവിധ വാർഡുകളിലേക്ക് ലൈൻ വലിക്കൽ | 28/10-3-2017 | 693655 | പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |
| | 96/17-നടക്കാവ് പട്ടികജാതി കോളനി ലൈൻ വലിക്കൽ | 6/29-3-2017<br>(അസി. സെക്രട്ടറി) | 53100 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 2281 രൂപ ഈടാക്കിയിട്ടുണ്ട്

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2006-07 | 3-1 | 961 | 11601100914/ 17-6-2016 | ശ്രീ.എൻ.എൻ. മുഹമ്മദ് കാസിം, സെക്രട്ടറി |
| 2007-08 | 2-1 | 320 | 11601100916/ 17-6-2016 | ശ്രീ.വി.മദനമോഹൻ, സെക്രട്ടറി &<br>ശ്രീ.പി.എം.കുഞ്ഞുകുഞ്ഞ്, സെക്രട്ടറി |
| 2012-13 മുതൽ 2014-15 വരെ | 2-1 | 250 | 11601100134/<br>12-4-2016 | ശ്രീ.ജയപ്രകാശൻ.വി, സെക്രട്ടറി |
| | | 250 | 11601100557/ | |

| | | | |
|---|---|---|---|
| | | 19-5-2016 | |
| | 500 | 11601100144/ 19-5-2016 | |
| ആകെ | 2281 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-3 | 2010-11 | 2.14 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം | വിഷയം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി യുടെ പരിഗണന യിലാണ്. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 52284034 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 47048106 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 15201 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12360 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-9 | - | 6500 | ശ്രീ.വി.ജയപ്രകാശൻ, സെക്രട്ടറി |
| 3-21 | - | 8701 (Fine) | ശ്രീമതി.ജിസ്ന.എ.കെ, അസി.എഞ്ചിനിയർ |
| ആകെ | | 15201 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 12360 | ശ്രീ.വി.ജയപ്രകാശൻ, സെക്രട്ടറി |
| ആകെ | 12360 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3-10 –10843 രൂപ (ശ്രീ.വി.ജയപ്രകാശൻ, സെക്രട്ടറി)
(വാറ്റ് – 7229, ആദായനികുതി – 1807, ക്ഷേമനിധി – 1807)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വി.ജയപ്രകാശൻ, സെക്രട്ടറി | സെക്രട്ടറി, മേലാർകോട് ഗ്രാമപഞ്ചായത്ത് | പുളിനിരക്കോട് വീട്, പെരുവെമ്പ് (പി.ഒ), പാലക്കാട്-678531 |
| ശ്രീമതി.ജിസ്ന.എ.കെ, അസി.എഞ്ചിനിയർ | അസി. എഞ്ചിനിയർ , മേലാർകോട് ഗ്രാമപഞ്ചായത്ത് | ആന്ത്രോട് കളം, കണിമംഗലം, നെന്മാറ(പി.ഒ), പാലക്കാട്-678508 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി10/62/2002/ 18-1-2002 | 12 |
| 1997-98 | എൽ.എഫ്.പി10/494/2002/ 5-6-2002 | 13 |
| 1998-99 | എൽ.എഫ്.പി9/28/2003/ 14-7-2003 | 11 |
| 1999-2000 | എൽ.എഫ്.പി13/63/2004/ 8-7-2004 | 2 |
| 2000-01 | എൽ.എഫ്.പി13/64/2004/ 8-7-2004 | 1 |
| 2001-02 | എൽ.എഫ്.പി13/65/2004/ 8-7-2004 | 3 |
| 2002-03 | എൽ.എഫ്.പി12/50/2007/ 9-7-2007 | 1 |
| 2003-04 | എൽ.എഫ്.പി12/51/2007/ 9-7-2007 | 3 |
| 2004-05 | എൽ.എഫ്.പി18/1806/12/ 30-8-2014 | 1 |
| 2005-06 | എൽ.എഫ്.പി18/1807/12/ 30-8-2014 | 1 |
| 2006-07 | എൽ.എഫ്.പി18/1808/12/ 30-8-2014 | 1 |
| 2007-08 | എൽ.എഫ്.പി18/1809(ഡി) /12/6-11-2014 | 6 |
| 2008-09 | എൽ.എഫ്.പി18/739 /13/5-11-2014 | 3 |
| 2009-10 | എൽ.എഫ്.പി18/738 /13/7-8-2014 | 3 |
| 2010-11 | എൽ.എഫ്.പി18/737 /13/7-8-2014 | 3 |
| 2011-12 | കെ.എസ്.എ-പികെഡി-18/703 /16/27-5-2017 | 7 |
| 2012-13, 2013-14 & 2014-15 | കെ.എസ്.എ-പികെഡി-18/1893 /15/26-4-2017 | 8 |
| 2015-16 | കെ.എസ്.എ-പികെഡി-18/193 /17/2-2-2017 | 19 |

തീർപ്പാക്കുവാൻ അവേശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# 1

# അനുബന്ധം-1

നം. കെ.എസ്.എ-പികെഡി18/1225/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തിയതി -26-07-2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്.ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ മേലാർകോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ

മേലാർകോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.

2. വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

3. വെള്ളക്കരം ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD18/1225/2017

Kerala State Audit Department

District Audit Office

Palakkad

Date -26-07-2017

## Audit Certificate

Certified that I have audited the Annual Financial Statement of Melarkode Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Melarkode Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1. Asset values not updated and linked with Sankhya. Hence Balance sheet does not reflects actual value of assets.

2. Arrear and current demand, Collection, Balance amounts shown in AFS not in agreement with data prepared by Sanchaya Software.

3. Water Tax demand and arrear demand registers not completed.

Deputy Director